കാസർഗോഡ് ജില്ലയിലെ കൊടക്കാട് എം.ആർ.എസ്.-ലെ പ്ലസ് ടു കോഴ്സ്

224 (6929) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ വിദ്യാലയത്തിൽ പ്ലസ് ടു-വിന് ആവശ്യമായ സൗകര്യമുണ്ടായിട്ടും കോഴ്സ് ആരംഭിക്കാത്തതിലുള്ള ബുദ്ധിമുട്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) നിലവിലുള്ള ഹോസ്റ്റലിൽ +2 വിദ്യാർത്ഥികളെക്കൂടി പ്രവേശിപ്പിക്കാനുള്ള സൗകര്യം ഇല്ലാത്തതിനാലാണ് +2 കോഴ്സ് ആരംഭിക്കുവാൻ വൈകുന്നത്. വിദ്യാലയത്തിൽ +2 കോഴ്സ് ആരംഭിക്കുന്നതിനുള്ള ക്ലാസ്സ് മുറികൾ ഉണ്ടെങ്കിലും ഹോസ്റ്റൽ സൗകര്യം ഇല്ല. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയ ശേഷം വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് +2 കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പുന്നപ്ര ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

225 (6930) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഏതെല്ലാം ക്ലാസ്സുകളാണ് നടത്തുന്നതെന്നും ഓരോ ക്ലാസ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുവെന്നും ഇതിൽ പട്ടികജാതിക്കാർ, പട്ടിക വർഗ്ഗക്കാർ, മറ്റിതര സമുദായക്കാർ എന്നിവർ എത്രവീതം എന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ ;

(ബി) എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി വിഭാഗങ്ങളിൽ കഴിഞ്ഞ വർഷം ഈ സ്കൂളിന്റെ വിജയശതമാനം എത്രയായിരുന്നുവെന്ന് അറിയിക്കാമോ ;

(സി) സ്കൂളിൽനിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം കുട്ടികളാണ് കൊഴിഞ്ഞുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly